സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ ക്ലാസിക്കൽ ഡാൻസ് ഭരതനാട്യം (CCBN)

**2026 ജൂലൈ സെഷൻ**

**പ്രവേശന പത്രിക**

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്. ആർ. സി കമ്മ്യൂണിറ്റി കോളേജ് 2026 ജൂലൈ സെഷനിലെ സർട്ടിഫിക്കറ്റ് ഇൻ ക്ലാസിക്കൽ ഡാൻസ് ഭരതനാട്യം (CCBN) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. എസ്.ആർ.സിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പഠന കേന്ദ്രങ്ങൾ വഴിയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം നടത്തപ്പെടുന്നത്. ആറുമാസമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. CBN001 : ഭരതനാട്യം - ആമുഖം
2. CBN002 : ഭരതനാട്യം - അടിസ്ഥാന പ്രമാണങ്ങളും ഘടകങ്ങളും
3. CBNP01 : പ്രായോഗിക പരിശീലനം I (അടവുകൾ, ഹസ്തങ്ങൾ, സ്ഥാനകം)
4. CBNP02 : പ്രായോഗിക പരിശീലനം II (അലാരിപ്പ്, കൗത്വം, ജതിസ്വരം, ശബ്ദം)

പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കുന്ന സമ്പർക്ക ക്ലാസ്സുകൾ, ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ക്ലാസിക്കൽ ഡാൻസ് ഭരതനാട്യം പഠനം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യ യോഗ്യതയാണ്. അപേക്ഷകർ 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം. ഉയർന്ന പ്രായപരിധിയില്ല.

ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് 25,000/- രൂപയാണ് ഫീസ്. രണ്ട് തവണയായി ഫീസ് അടയ്ക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേയ്ക്ക് അപേക്ഷാഫീസിനത്തിൽ 200/-രൂപ കൂടി ചേർത്ത് 12,700/-രൂപയും രണ്ടാമത്തെ തവണ 12,500/- രൂപയുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 ജൂലൈ 15. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

**List of Study Centre**
**Certificate in Classical Dance Bharathanatyam (CCBN)**

| | | |
|---|---|---|
| 1 | Ernakulam | Chuvadu, MT Plaza, Kadavanthra,kochi,<br>Ernakulam – 682017<br>Ph.No: 7736940814 |

Pramod

ഡയറക്ടർ